(ബി) പ്രസ്തുത പ്രോജക്ടിന്റെ പ്രവർത്തനത്തിനുള്ള ധനസഹായം എവിടെനിന്നാണ് ലഭിക്കുന്നത് ;

(സി) 31-3-2014 വരെ എത്ര രൂപ ധനസഹായമായി ലഭിച്ചു ; എത്ര തുക വിനിയോഗിച്ചു ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട് ; ഇതിൽ സ്ഥിരം ജീവനക്കാർ എത്ര ; കരാർ ജീവനക്കാരുണ്ടെങ്കിൽ എത്ര ; അവരുടെ നിയമനരീതി എന്നിവ വ്യക്തമാക്കാമോ ;

(ഇ) സ്ഥിരം ജീവനക്കാർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്തു വരുന്നു ;

(എഫ്) പ്രോജക്ട് ആരംഭം മുതലുള്ള സ്ഥിരം ജീവനക്കാരുടെ വിവരവും തസ്തികയും ലഭ്യമാക്കാമോ ; സ്ഥിരം ജീവനക്കാരുണ്ടെങ്കിൽ അവരെ നിയമിക്കുവാൻ സർക്കാർ ഉത്തരവുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.ഇ.ആർ.ഡി) 2009 ഡിസംബർ 16-നാണ് പ്രവർത്തനം ആരംഭിച്ചത്. സി.ഇ.ആർ.ഡി-യുടെ പ്രവർത്തന ലക്ഷ്യങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) സി.ഇ.ആർ.ഡി യുടെ പ്രവർത്തനത്തിനുള്ള ധനസഹായം കേരള സർക്കാരിൽ നിന്നാണ് ലഭിയ്ക്കുന്നത്.

(സി) 31-3-2014 വരെ 6,47,00,000 രൂപ ധനസഹായമായി ലഭിച്ചു. അതിൽ 6,04,80,993 രൂപ വിനിയോഗിച്ചു.

(ഡി) ഉത്തരം അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ&എഫ്) സ്ഥിരം ജീവനക്കാർ ആരും തന്നെ ഇല്ല.

## സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിലെ വിവരസേവനക്കാർ

138 (7107) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ സർക്കാർ സ്ഥാപനങ്ങളിൽ വിവരസേവനം പറ്റിക്കൊണ്ട് ജോലി ചെയ്യുവാൻ അനുവദിക്കാറുണ്ടോ ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺമുതൽ ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്തു എന്നും ജോലി ചെയ്യുന്ന അവസരത്തിൽ ഇവരിലാരെങ്കിലും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ചേർന്നിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇവർ ആരൊക്കെയെന്നും ഏതുതസ്തികയിലാണ് ജോലി ചെയ്തിരുന്നതെന്നും ഏതുസമയത്താണ് പഠനം നടത്തിയിരുന്നതെന്നും വെളിപ്പെടുത്തുമോ ;

(സി) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺമുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ ?

## ഉത്തരം

(എ) പ്രൊഫഷണൽ കോഴ്സ് പഠിച്ചുകൊണ്ടിരിക്കുന്ന കാലയളവിൽ സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനം പറ്റിക്കൊണ്ട് ജോലിചെയ്യുവാൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ നാളിതുവരെ ദിവസവേതനാടിസ്ഥാനത്തിൽ 12 പേർ വിവിധ തസ്തികകളിൽ ആവശ്യാനുസരണം നിയമിക്കപ്പെട്ടിട്ടുണ്ട്. തൊഴിലധിഷ്ഠിത കോഴ്സുകൾക്കായി ഇവരിൽ ആർക്കും അനുവാദം കൊടുക്കുകയോ, തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് ചേർന്നിട്ടുള്ള വിവരം ഇവർ ആരും സ്ഥാപനത്തെ അറിയിക്കുകയോ ചെയ്തിട്ടില്ല.

(സി) സയൻസ് ആന്റ് ടെക്നോളജി മ്യൂസിയത്തിൽ 2011 ജൂൺ മുതൽ ആവശ്യാനുസരണം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 12 പേരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മുരുകൻ. സി
2. സുമേഷ്. എസ്.എസ്.
3. ശ്രീലക്ഷ്മി. എസ്.എസ്.
4. അദിനാ മുഹമ്മദ്
5. സജീവ്
6. അഖില വി.ജെ.കുമാർ
7. അബ്ദുൾനാസ്സർ മണ്ണിൽ
8. ഗോപിനായർ. കെ

9. മുഹമ്മദ് അനസ്സ്

10. ഷിഹാബുദീൻ.

11. വിജുമോൻ.

12. മുനീർ. ടി.ജെ.

മേൽ പറഞ്ഞിരിക്കുന്നവരിൽ ശ്രീലക്ഷ്മി.എസ്.എസ്, അമീറാ മുഹമ്മദ്, സജീവ്, ഷിഹാബുദീൻ എന്നിവർ ഒഴികെയുള്ളവർ ഇപ്പോഴും ഇവിടെ വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നു.

### സി - ആപ്റ്റിന്റെ വരുമാനവും ചെലവും

139 (7108) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം സി-ആപ്റ്റിനായി പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) സി-ആപ്റ്റിന്റെ ലാഭം/നഷ്ടം 2008-09, 2009-10, 2010-11, 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്തുതുക വീതമാണെന്ന് വ്യക്തമാക്കാമോ ;

(സി) 2008 മുതൽ ഇതുവരെ പ്രിന്റിംഗ് ഇനത്തിൽ പ്രതിവർഷം സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽനിന്നും എന്തുതുകയ്ക്കുള്ള ഓർഡർ ആണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) 2011-12 സാമ്പത്തികവർഷംമുതൽ ഇതുവരെ സി-ആപ്റ്റിന്റെ വരുമാനവും ചെലവും എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം-പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ സി-ആപ്റ്റിനായി നീക്കിവച്ച തുകകളെ സംബന്ധിച്ച വിശദവിവരം ഇപ്രകാരമാണ്.

| സാമ്പത്തികവർഷം | പ്ലാൻ | നോൺ പ്ലാൻ |
|---|---|---|
| 2011-12 (ബഡ്ജറ്റ് വിഹിതം) | 150 ലക്ഷം | 39.92 ലക്ഷം |
| റീഅപ്രോപ്രിയേഷൻ | 50 " | 16.80 " |
| ആകെ | 200 " | 56.72 " |
| 2012-13 (ബഡ്ജറ്റ് വിഹിതം) | 173 " | 43.91 " |
| റീഅപ്രോപ്രിയേഷൻ | — | 1.92 " |
| ആകെ | 173 " | 45.83 " |

LIBRARY ARCHIVES Kerala Legislative Assembly